**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണ രംഗം അടിസ്ഥാനമേഖലകളായ ആരോഗ്യം, കൃഷി, വ്യവസായം എന്നിവയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തരത്തിൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കുക, ഗവേഷണ ഫലങ്ങൾ ഉൽപ്പന്നങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഗവേഷണ ഫലങ്ങൾ കൃഷിയും ആരോഗ്യവും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിന് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ സർവകലാശാലകൾ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുകയും ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.<br><br>റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി, ആരോഗ്യ, വ്യവസായ, കൃഷി മേഖലകളിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി ഗവേഷണവും വികസനവും ശക്തിപ്പെടുത്തുന്നതിനായി, ഗവേഷണ ഫലങ്ങളെ നേരിട്ട് സമൂഹത്തിന് പ്രയോജനപ്പെടുത്തുന്ന പ്രക്രിയകളായും ഉൽപ്പന്നങ്ങളായും സേവനങ്ങളായും മാറ്റുന്നതിനായി നിരവധി പദ്ധതികളും ഇടപെടലുകളും സർക്കാർ ആരംഭിച്ചിട്ടുണ്ട്.<br><br>രാജ്യത്തെ ഉയർന്ന പോസ്റ്റ് ഡോക്ടറൽ ഗവേഷണ ഗ്രാന്റുകളിൽ ഒന്നായ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് കേരളത്തിൽ യുവ ഗവേഷണ പ്രതിഭകളെ ആകർഷിച്ച് നിലനിർത്താൻ ലക്ഷ്യമിടുന്നു. ആരോഗ്യപരിചരണം, വ്യാവസായിക നവീകരണം, സുസ്ഥിര കൃഷി തുടങ്ങിയ സംസ്ഥാനത്തിന്റെ മുൻഗണനാ മേഖലകളിൽ ഗവേഷണാധിഷ്ഠിതമായ പ്രശ്നപരിഹാരങ്ങളിലേക്കാണ് ഈ ഫെല്ലോഷിപ്പുകൾ |

| | | | |
|---|---|---|---|
| | | | മുൻഗണന നൽകുന്നത്. 176 ഫെല്ലോഷിപ്പുകൾ ഇതുവരെ നൽകിയിട്ടുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണ ഫലങ്ങൾ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഗവേഷണ ഫലങ്ങൾ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിന് , സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ഗവേഷണ കണ്ടെത്തലുകളെ പ്രായോഗിക സാങ്കേതിക വിദ്യകളാക്കി, വിപണിയിൽ എത്തിക്കാവുന്ന ഉൽപ്പന്നങ്ങളും പ്രക്രിയകളും ആക്കി മാറ്റുന്നതിനുള്ള പാലങ്ങളാണ് ഇവ. ഗവേഷണ ഫലങ്ങളുടെ വാണിജ്യവൽക്കരണത്തിലേക്ക് പോകുന്ന Innovation Pipeline സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. |
| (സി) | സാങ്കേതികവിദ്യ അധിഷ്ഠിതമായ ഉല്പന്നങ്ങൾ വികസിപ്പിച്ച് സംരംഭകത്വ ഇക്കോ സിസ്റ്റം രൂപപ്പെടുത്തുന്നതിന് ഗവേഷണരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ സ്റ്റാർട്ടപ്പ് , ഇൻക്യുബേഷൻ സംവിധാനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകളും കോളേജുകളും വിദ്യാർത്ഥികളുടെ സംരംഭശേഷിയെ വളർത്തുന്നതിനായി നവീകരണ ഹബ്ബുകളും സംരംഭകത്വ സെല്ലുകളും സംഘടിപ്പിച്ചു. Earn While You Learn, Campus Industrial Parks, Industry on Campus തുടങ്ങിയ പദ്ധതികൾ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യാവസായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അനുഭവ സമ്പത്ത് നേടാനുള്ള അവസരം നൽകുന്നു. |
| (ഡി) | സംസ്ഥാനത്ത് വിദ്യാഭ്യാസവും തൊഴിലും തമ്മിൽ സുശക്തമായ ബന്ധം രൂപപ്പെടുത്തിയെടുക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടലുകൾ വ്യക്തമാക്കാമോ? | (ഡി) | വ്യാവസായിക ആവശ്യങ്ങളോട് ഉന്നത വിദ്യാഭ്യാസത്തെ ബന്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>• Internship & Apprenticeship : വിദ്യാർത്ഥികൾക്ക് വ്യാവസായിക പ്രവർത്തനങ്ങളും വെല്ലുവിളികളും നേരിട്ട് പരിചയപ്പെടാനുള്ള അവസരം നൽകുന്നു. സംസ്ഥാനത്തെ നാല് വർഷ ബിരുദ പ്രോഗ്രാം വിദ്യാർത്ഥികൾക്കായുള്ള ഇൻറേൺഷിപ്പ്, പ്ലെയ്സ്മെൻറ് ഏകോപിപ്പിക്കുന്നതിനുള്ള കേരള ഇൻറേൺഷിപ്പ് പോർട്ടൽ നടത്തിപ്പിന് വേണ്ടുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഏറ്റവും ഗുണമേന്മയുള്ള ഇൻറേൺഷിപ്പ്, പ്ലെയ്സ്മെന്റ് അവസരങ്ങൾ ലഭ്യമാക്കാൻ കഴിയുന്നതാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇൻഡസ്ട്രി-അക്കാദമിക |

| | | | | |
|---|---|---|---|---|
| | | | | സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ഇതിലൂടെ സാധിക്കുന്നതാണ്.<br>• Skill Enhancement & CSDCCP: Centre for Skill Development Courses and Career Planning (CSDCCP) മുഖാന്തരം കാലഘട്ടത്തിന് അനുയോജ്യമായ കഴിവുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള പദ്ധതികൾ നടത്തിവരുന്നു.<br>• Industry-Embedded Degree Programmes:: വ്യാവസായിക പദ്ധതികൾ, വ്യാവസായിക സ്ഥാപനങ്ങളിൽ തന്നെ നടത്തുന്ന പരിശീലനങ്ങൾ, പ്രായോഗിക പ്രശ്ന പരിഹാരങ്ങൾ എന്നിവ ക്രെഡിറ്റ് നേടുന്ന ഭാഗങ്ങളായി ഉൾപ്പെടുത്തി പഠനം പൂർത്തിയാക്കാനുള്ള സംവിധാനം.<br>• Credit Recognition for Industry Experience:: തൊഴിൽ പരിചയത്തെ അക്കാദമിക് ക്രെഡിറ്റുകളാക്കി മാറ്റുന്ന സംവിധാനം നിലവിൽ വരുന്നത് വഴി ലൈഫ് ലോങ്ങ് ലേർണിംഗ് & കരിയർ അഡ്വാൻസ്മെന്റ് എന്നിവ ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ